


(തുടർച്ച)

# അട്ടപ്പാടിയുടെ ഭാവിയെന്ത്?

കെ. രാജൻ

**ഫ്യൂഡൽ മൂല്യങ്ങൾ** നിലനിന്ന മലബാറിലേക്ക് തെക്കിന്റെ വികസന ആധുനികതയുടെ മൂല്യങ്ങൾ വ്യാപിച്ചത് കുടിയേറ്റം വഴിയാണ്. റബ്ബർ, പ്ലാന്റേഷൻ, സ്ത്രീധനം, ഭൂമിയെ 'കടുംവെട്ടു' വെട്ടി പണമുണ്ടാക്കൽ എന്നീ അധിനിവേശമൂല്യങ്ങൾ ഗോത്രമൂല്യങ്ങളെ തരം താഴ്ത്തി. ഗോത്ര ആത്മീയതയെയും അവരുടെ പാരിസ്ഥിതിക ആത്മീയതയെയും തരം താഴ്ത്തി. 'മല്ലീശ്വരൻ' രവിവർമ്മ ചിത്രങ്ങളിലെ ശിവന്റെ ബ്യൂട്ടിപാർലർ രൂപമായി ചുരുങ്ങി. സ്ത്രീദൈവങ്ങളുടേത് ഏതു പ്രകൃതി സ്ഥലത്തേയും ദേവാലയമാക്കുന്ന തുറസിന്റെ ആത്മീയത ആദിവാസികൾക്ക് നഷ്ടപ്പെട്ടു.

യൂറോപ്യൻ നാഗരികതയുടെയും വികസനമാതൃകയുടേയും അധിനിവേശത്തെ മുതലാളിത്ത മൂലധന പ്രശ്നമാക്കി ചുരുങ്ങിയ ഇടതുപക്ഷങ്ങൾക്കും നക്സലെറ്റുകൾക്കും യൂറോപ്യൻ അധിനിവേശത്തിന്റെ എതിർക്കളിക്കാരായി ചുരുങ്ങേണ്ടി വന്നു. എല്ലാവരേയും നാഗരികരാക്കാനുള്ള ദൗത്യത്തെ അവർ ഏറ്റെടുത്തതുകൊണ്ട് വർഗ്ഗ സമരം സായിപ്പിന്റെ കളിക്കളത്തിലേയ്ക്ക് സഹകളിക്കാരായി നമ്മെ ചേർക്കുന്ന പ്രതിക്രിയയായി. വികസന രാഷ്ട്രീയത്തെ ഇവർ ചോദ്യം ചെയ്തേയില്ല. പൗരസമൂഹത്തിന്റെ സ്വയം പ്രതിനിധാനാവകാശങ്ങളെ പരിഗണിച്ചതേയില്ല.

വികസനത്തിന് യൂറോ കേന്ദ്രിത പാതയിൽ നിന്ന് സുസ്ഥിര വികസനത്തിന്റെ നാട്ടുവഴികളിലേക്ക്, ഗ്രാമസ്വരാജിലേക്ക്, വിശ്വാസസ്വരാജിലേക്ക്, ജനസ്വരാജിലേക്ക്, ആരോഗ്യസ്വരാജിലേക്ക്, വിദ്യാസ്വരാജിലേക്ക്, ഗോത്രസ്വരാജിലേക്ക്, ഗതിമാറ്റുന്ന ഗാന്ധിയൻ വ്യവഹാരങ്ങൾ നമ്മെ ചരിത്രത്തിൽ നിശ്ശബ്ദമായി കാത്തു കിടന്നത് നാം കണ്ടില്ല. യൂറോപ്യൻ നാഗരികതയുടെ ബദലന്വേഷണം വിമർശനവും വെല്ലുവിളിയും ഗാന്ധിമാർഗ്ഗത്തിലൂടെയാണെന്നു നാം തിരിച്ചറിഞ്ഞതുമില്ല. ഈ സ്റ്റീംറോളർ വികസനം അട്ടപ്പാടിയ്ക്ക് എന്തുനൽകി? 1971 ൽ അട്ടപ്പാടിയുടെ 600/0 വന്ന പ്രദേശമായിരുന്നെങ്കിൽ (401.37 sq km) 1985 ൽ അത് 164 sq.km ആയി. 1971 ൽ കൃഷിഭൂമിയുടെ വിസ്തീർണ്ണം 178.10 sq.km ആയിരുന്നെങ്കിൽ 1989 ൽ 52 sq.km ആയി. 1994 – ൽ കൃഷിയോഗ്യമല്ലാത്ത തരിശുഭൂമി 156.64 sq.km ആയി. 5

1940 കളിൽ ആദിവാസി ജനസംഖ്യ പതിനായിരവും കുടിയേറ്റക്കാരുടെ എണ്ണം നൂറോളവും

ആയിരുന്നു. 1951ൽ ആദിവാസിക ളുടെ എണ്ണം 10,200 ഉം കുടിയേറ്റ ക്കാരുടെ എണ്ണം 1100 ഉം ആയി. 1961 – ൽ 12972 ആദിവാസികളും 8489 കുടിയേറ്റക്കാരുമായി. 1971 ൽ 16536 ആദിവാസികളും 22647 കുടി യേറ്റക്കാരുമായി. 1981 ൽ 20659 ആദിവാസികളും 41587 കുടിയേറ്റ ക്കാരും. 1991 – ൽ 24288 ആദിവാ സികളും 62033 കുടിയേറ്റക്കാരുമാ യി. 6

1982-ലെ ITDP യുടെ Survey Report of Attapady - ൽ എന്ന പഠ നത്തിൽ സൂചിപ്പിക്കുന്നത് 1982 – വരെ 10472 .19 ഏക്കർ ഭൂമിയാണ്. കേരള ഭൂപരിഷ്ക്കരണത്തിന്റെ ഭാഗ മായി രൂപം കൊണ്ട കേരള ലാൻഡ് റിഫോം ആക്ട് ഫലത്തിൽ ആദിവാ സികൾക്ക് ദോഷമാണ് ചെയ്തത്. കുടിയേറ്റക്കാരെ കുടിയാന്മാരായി പരിഗണിച്ച് ലീസിന് ഭൂമി ഏറ്റെടു ത്തവർക്ക് ഭൂമി കിട്ടി. പ്രത്യക്ഷ ത്തിൽ ഭരണപ്രക്രിയയുടെ കളിനിയ മങ്ങൾക്കപ്പുറത്തുള്ള സമൂഹങ്ങളെ പൗരത്വത്തിലേക്കും ഭരണനിർവ്വഹ ണത്തിനു കീഴിലേയ്ക്ക് കൊണ്ടു വരുമ്പോൾ വരുന്ന പാകപ്പിഴകൾ ആദിവാസികൾ കൂടുതൽ ചൂഷണം ചെയ്യപ്പെടാൻ കാരണമാ യി. നിയമരൂപീകരണം ഭരണ നിർവ ഹണ പദ്ധതി രൂപീകരണവും ആദി വാസികളുടെ അറിവോ പങ്കാളി ത്തമോ ഇല്ലാത്തതായിരുന്നു. കോടതികൾ ആവശ്യപ്പെടുന്ന ഡോക്യുമെന്ററി എവിഡൻസ് ഇല്ലാത്തതുകൊണ്ട് ആദിവാസി കളിൽ പലർക്കും കോടതി വ്യവ ഹാരങ്ങൾ പ്രതികൂലമായി.

ഒറ്റപ്പാലം ആർഡിഒ ഓഫീ സിൽ അട്ടപ്പാടിയിൽ നിന്നു മാത്രം 2422 അപേക്ഷകൾ ഭൂമി യുടെ അന്യാധീനപ്പെടലുമായി ബന്ധപ്പെട്ട് സമർപ്പിക്കപ്പെട്ടു. അവയിൽ പരിഗണിച്ചവ 1147 എണ്ണം. 3336.16 ഏക്കർ ഭൂമി വീണ്ടെടുക്കാനായി അലോട്ടു ചെയ്തു. 496 എണ്ണത്തിൽ നടപ ടിക്രമങ്ങൾ പൂർത്തീകരിച്ചു. ഒടു വിൽ ഭൂമി വീണ്ടെടുത്തവ 44.77 ഏക്കർമാത്രം.



**ആദിവാസി ഭൂനിയമവും ഭേദഗതികളും.**

1975-ൽ അച്യുതമേനോൻ സർക്കാർ പാസ്സാക്കിയ കേരള ആദി വാസി നിയമം നവംബർ 11ന് പ്രസി ഡണ്ടിന്റെ ഭരണഘടനാപരമായ സമ്മതം കിട്ടിയതോടെ നിലവിൽ വന്നു. 1960 – കൾക്കു ശേഷമുള്ള കുടിയേറ്റങ്ങളെ നിയമവിരുദ്ധമായി പ്രഖ്യാപിക്കുന്നതായിരുന്നു ഈ നിയമം. 11 വർഷത്തോളം ഈ നിയമം നടപ്പിലാക്കാതെ കോൾഡ് സ്റ്റോറേജിൽ സൂക്ഷിച്ചു. 1988 ൽ വയനാട്ടിലെ നല്ല തമ്പിതേര ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും 1993ൽ ഒക്ടോബറിൽ 6 മാസത്തിനുള്ളിൽ നടപ്പിലാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് വിധി നില വിൽ വരുകയും ചെയ്തു.

കുടിയേറ്റക്കാരുടെ എതിർപ്പിനെ തുടർന്ന് 1996-ൽ ഈ നിയമം ഭേദ ഗതി ചെയ്തുകൊണ്ട് സർക്കാർ ഉത്തരവു പുറപ്പെടുവിച്ചു. ഇന്ത്യൻ പ്രസിഡന്റായ കെ. ആർ. നാരായ ണൻ ഇതിൽ ഒപ്പു ചെയ്യാൻ വിസ മ്മതിച്ചു. ഈ നിമയം 1986 വരെ യുള്ള ഭൂമി ഇടപാടുകൾക്ക് നിയമസാധുത നൽകി. 1986 നു മുമ്പാണ് അന്യാധീനപ്പെടൽ കാര്യ മായി സംഭവിച്ചത്.

1999-ൽ റവന്യൂവകുപ്പ് മന്ത്രി കെ. ഇ ഇസ്മയിൽ കുടിയേറ്റ ക്കാർക്കുതകുന്ന രീതിയിൽ ഈ നിയമം വീണ്ടും ഭേദഗതി ചെയ്തു. ആദിവാസികൾക്ക് ഭൂമി നൽകുന്ന തിനായി 32 കോടിയോളം രൂപ ചിലവഴിക്കുമെന്നു പ്രഖ്യാപിച്ച ഈ നിയമം തലതിരിഞ്ഞതാണ്. കുടി യേറ്റക്കാർക്ക് നഷ്ടപരിഹാരം നൽകിയാൽ അവർക്ക് വിസമ്മതമു ണ്ടാകില്ല.

**സുസ്ഥിര വികസനത്തിന്റെ പങ്കാളിത്ത ഘട്ടത്തിലേക്ക്**

എൺപതുകളിൽ ലോകത്തെമ്പാടും ശക്തിപ്രാപിച്ചു വന്ന പരിസ്ഥിതി പ്രസ്ഥാനങ്ങളും സാമൂഹ്യ പ്രസ്ഥാനങ്ങളും യൂറോ കേന്ദ്രിത വികസന മാതൃകകളു ടേയും ജനാധിപത്യമാതൃകയു ടേയും വിമർശനവും ബദൽ മാതൃ കകൾക്കായുള്ള പദ്ധതികളും മുമ്പോട്ടു വെച്ചു ലാറ്റിനമേരിക്കൻ ചിന്തകനായ അർത്തുറോ എസ്കോബാർ, വികസന വിമർശനം മുമ്പോട്ടുവെച്ചു. സുസ്ഥിരവികസനത്തിന്റേയും പങ്കാ ളിത്ത ജനാധിപത്യത്തിന്റേയും പുതിയ പ്രക്രിയകളും പദ്ധതികളും പ്രാദേശിക തലത്തിൽ രൂപപ്പെടാൻ തുടങ്ങി.

പങ്കാളിത്ത ഗ്രാമപഠനരീതി (Particiaptury rural appraisal) സമുദായ ഉടമസ്ഥത Community ownership) എന്നിവ ഏഷ്യനാഫ്രി ക്കൻ രാജ്യങ്ങളിലെ പ്രാചീന കൂട്ടാ യ്മകളുടേയും പരിസ്ഥിതി പ്രവർത്തകരുടേയും മുൻകയ്യിൽ പ്രായോഗികമായി സാക്ഷാത്കരിച്ചു തുടങ്ങി. ഗാന്ധിയൻ വ്യവഹാര ങ്ങൾക്ക് ലോകമെമ്പാടും പുതുവാ യനകളും പുതു പ്രയോഗങ്ങളുമു ണ്ടായി.

കേരളത്തിലും സമാനമായ അന്വേ ഷണങ്ങളുണ്ടായി. പരിസ്ഥിതി പ്രവർത്തകനും ചിന്തകനുമായ പി. എൻ. ഉണ്ണികൃഷ്ണന്റെ മുൻകയ്യിൽ വനംവകുപ്പിന്റെ സഹായത്തോടെ നടപ്പിലാക്കിയ അട്ടപ്പാടിയിലെ ബൊമ്മിച്ചാംപടിയിലെ മല്ലീശ്വര

പദ്ധതി, സുഗതകുമാരി ടീച്ചറുടെ കൃഷ്ണവനം പദ്ധതി എന്നിവ പങ്കാളിത്ത ജനാധിപത്യ രീതിയും ആദിവാസികളുടെ പാരിസ്ഥിതിക രീതിയിലുള്ള ജീവിത ശൈലിയും സംരക്ഷണ രീതിയും സമന്വയിപ്പിച്ചു.

പങ്കാളിത്ത ഗ്രാമപഠന രീതിയെ എം. പി. പരമേശ്വരനും കൂട്ടരും ജനകീയാസൂത്രണമാക്കി മാറ്റി.

നാലാംലോക ദർശനം ഈ പുത്തൻ അന്വേഷണങ്ങളെ സ്വാംശീകരിച്ചുകൊണ്ട് രൂപപ്പെടുത്തിയതാണ്. പൗര സമൂഹത്തെ ശക്തിപ്പെടുത്തുകയും അധികാര കേന്ദ്രീകരണത്തെ ദുർബ്ബലപ്പെടുത്തുകയും ചെയ്യുന്നതിനു പകരം ജനകീയാസൂത്രണം പ്രാദേശിക രാഷ്ട്രീയാവികാരത്തെ ശക്തിപ്പെടുത്തി. പൗരസമൂഹം ഗ്രാമസഭകളിലെ ചലനാത്മകതയില്ലാത്ത ഗുണഭോക്താക്കളുടെ പറ്റം മാത്രമായി. ജനകീയാസൂത്രണം പൂർത്തീകരിക്കാതിരുന്ന ജനപങ്കാളിത്തം, സുതാര്യത, പൗരസമൂഹത്തിന്റെ ശാക്തീകരണം, അധികാര വികേന്ദ്രീകരണം എന്നിവ മുമ്പോട്ടു കൊണ്ടുപോയത് അഹാഡ്സാണ്. മേൽ സൂചിപ്പിച്ച അന്വേഷണങ്ങളാണ് അഹാഡ്സിന്റെ ഊർജ്ജ സ്രോതസ്സ്. ധനസഹായം മാത്രമേ ജപ്പാനിൽ നിന്നും സ്വീകരിച്ചിട്ടുള്ളു. കേരളത്തിലെ ഭരണനിർവഹണ പദ്ധതികളുടെ ചരിത്രത്തിൽ അഹാഡ്സ് ഒരു പുതിയ ബിന്ദുവായി നിലനില്ക്കുന്നു.

ലോകത്തെമ്പാടും പ്രത്യക്ഷ ജനാധിപത്യത്തിനും സ്വയം ഭരണത്തിനുമായുള്ള ഇടപെടലുകൾ വികസിപ്പിച്ചു കഴിഞ്ഞു. ജനാധിപത്യത്തിന്റെ ഭരണകൂട കേന്ദ്രിതവും പ്രതിനിധാനപരവുമായ ഘട്ടം പതുക്കെ പതുക്കെ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. സ്വീഡൻ, സ്വിറ്റ്സർലൻഡ് എന്നീ രാജ്യങ്ങളിലെ പ്രത്യക്ഷ ജനാധിപത്യ പ്രക്രിയകൾ, മെക്സിക്കോയിലെ സപതിപ്താ പ്രസ്ഥാനം തുടങ്ങിവെച്ച സ്വയം

ഭരണമാതൃക...

**പുതുമാനദണ്ഡങ്ങൾ**

അട്ടപ്പാടിയിലെ പൗരസമൂഹത്തിന്റെ സാമൂഹ്യ ചലനാത്മകതയും വിഭവാധികാരവും പങ്കാളിത്തവും വികസിപ്പിക്കുന്നതിൽ അഹാഡ്സ് എത്രത്തോളം മുമ്പോട്ടു പോയിട്ടുണ്ട്. ഭരണ നിർവഹണ തലത്തിലെ പങ്കാളിത്തവും സുതാര്യതയും സേവനങ്ങളുടേയും വിഭവങ്ങളുടേയും നീതിപൂർവ്വമായ വിതരണവും ഏറെ ദൂരം മുമ്പോട്ടു പോയിട്ടുണ്ട്. എന്നാൽ ആസൂത്രിത പ്രക്രിയയിൽ എത്രത്തോളം ജനാധിപത്യമുണ്ട്? ഗ്രാമസഭകളും ഊരുകൂട്ടങ്ങളും അധികാരികൾ കീകൊടുക്കുന്ന പാവകൾക്ക് കൂത്താടാനുള്ള വേദി എന്നതിലപ്പുറം വികസിച്ചിട്ടുണ്ടോ? ദാരിദ്ര്യം, തൊഴിലില്ലായ്മ, സാംസ്ക്കാരിക ത്തകർച്ച എന്നിവയെ എത്രത്തോളം മാറ്റാനായി! ഈ ചോദ്യങ്ങൾക്കുത്തരം ഓരോ മേഖലയുമായി ബന്ധപ്പെടുത്തി പരിശോധിക്കുമ്പോഴേ അഹാഡ്സിനെ ചരിത്ര പരവും സാമൂഹ്യവുമായി വിശകലനം ചെയ്യാനാകൂ.

**പ്രകൃതിസംരക്ഷണ പ്രവർത്തനങ്ങൾ**

വനം വകുപ്പ്, മണ്ണു സംരക്ഷണ വകുപ്പ്, കൃഷിവകുപ്പ് ജലസേചന വകുപ്പ് എന്നിവയെ സംയോജിത പദ്ധതികളിലൂടെ ഏകോപിപ്പിക്കുകയും ഡിപ്പാർട്ട് മെന്റലിസം ഒഴിവാക്കി സൂക്ഷ്മമായ വിഭവ വിശകലനം, പദ്ധതി നിർവഹണം, സംഘടിതമായ മേൽനോട്ടം എന്നിവയിലൂടെ കാര്യക്ഷമമായ പ്രവർത്തനങ്ങൾ മുമ്പോട്ടു വെയ്ക്കുകയും ചെയ്യുന്ന കാര്യത്തിൽ അഹാഡ്സ് കുതിച്ചുചാട്ടം നടത്തിയിട്ടുണ്ട്.

അട്ടപ്പാടിയിലെ കുന്താ പ്രോജക്ട് 1976 മുതൽ 1998 വരെയുള്ള കാലയളവിൽ നടത്തിയ പ്രവർത്തനങ്ങളുടെ നീക്കിബാക്കി ധൂർത്തും മണ്ണൊലിപ്പുമാണ്. അഹാഡ്സിന്റെ പ്രവർത്തനങ്ങൾ ഇതിനകം പ്രകൃതി വിഭവങ്ങളുടെ മൂലധനവും കാർഷിക പ്രവർത്തനങ്ങൾക്കുളള പശ്ചാത്തല സൗകര്യവും ഒരുക്കിയിട്ടുണ്ട്. ജലസേചനത്തിന്റെ മേഖലയിൽ എ. വി.ഐ.പി.യെപ്പോലുള്ള വെള്ളാനയെ സർക്കാർ തീറ്റി പോറ്റുന്നത് അവസാനിപ്പിക്കാനുള്ള വിവേകവും ഉശിരും അട്ടപ്പാടിക്കാർക്കുണ്ടായിട്ടില്ല.അട്ടപ്പാടി പ്രദേശത്തെ 146 സൂക്ഷ്മ നിർമതി പ്രദേശങ്ങളായി വിഭജിച്ച് തയ്യാറാക്കിയ സൂക്ഷ്മാസൂത്രണ രേഖ (Micro plan) സംയുക്ത വനപരിപാലന സംഘം, ഊരു വികസിത സമിതി, ഗുണഭോക്തൃസംഘം, തായ്ക്കുല പണിയാളർ സംഘടന എന്നീ ജനകീയ സമിതികളിലൂടെ പങ്കാളിത്ത ഗ്രാമ പഠനരീതിയിലൂടെ സുതാര്യമായി നടപ്പിലാക്കുന്നതിൽ അഹാഡ്സ് വിജയിച്ചിട്ടുണ്ട്. പക്ഷെ, ആസൂത്രണ തലത്തിലേക്ക് ഈ സുതാര്യതയും പങ്കാളിത്തവും വ്യാപിച്ചിട്ടില്ല.

പ്രകൃതി വിഭവങ്ങളെ സംരക്ഷിക്കാൻ സർക്കാർ ഉടമസ്ഥത സ്വകാര്യ ഉടമസ്ഥത എന്നീ ഉടമസ്ഥതാ രൂപങ്ങൾ അപര്യാപ്തമാണ്. നിരന്തരം മാറുന്ന അധികാര ക്രമീകരണങ്ങളിലൂടെ സാമുദായിക ഉടമസ്ഥത എന്ന സങ്കല്പത്തെ സാക്ഷാത്കരിക്കാൻ അഹാഡ്സ് ശ്രമിച്ചിട്ടില്ല.

ഊരു വികസന സമിതികളും ഗ്രാമസഭകളും രാഷട്രീയ ചലനാത്മകത നേടിയിട്ടില്ല. ഇവ പ്രാദേശിക കോടതിയും പ്രാദേശിക പോലീസും കൂടിയായി മാറേണ്ടതുണ്ട്. ഉദ്യോഗസ്ഥരെയും രാഷ്ട്രീയാധികാരികളേയും നിയന്ത്രിക്കാനും തിരിച്ചു വിളിക്കാനും കഴിയുമ്പോഴേ ഇവയ്ക്ക് രാഷ്ട്രീയമായി ചലനാത്മകത നേടാനാവൂ.

(തുടരും)

5 Land Settlement & degrultion - Sanathanan Veluva, Serial Publication.
6 Withering Valli - Mariamma Kalathil, CDS, Trivandrum

കാരാട്ടിൽ വീട്,
ശിവൻ കുന്ന്, മണ്ണാർക്കാട്
പോസ്റ്റ്, പാലക്കാട്.